ഹുബൈബ് കെ.

# പോസ്റ്റുമാൻ

ഓരോ തൊഴിലുമായും രക്തബന്ധമുള്ള തൊഴിലുപകരണമുണ്ടാവും. ആ ഉപകരണമുണ്ടെങ്കിലെ തൊഴിൽ പൂർണമാവുകയുള്ളൂ. മത്സ്യബന്ധനക്കാരന് വഞ്ചി പോലെ. തൊഴിൽ, തൊഴിലുപകരണം ബന്ധം പ്രകൃതി നിയമമായാണ് കണക്കാക്കുന്നത്.

അങ്ങിനെയൊരു മനുഷ്യൻ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിക്കടുത്ത് നന്തിയിലുണ്ട്. പതിനേഴാം വയസ്സിൽ തന്റെ തൊഴിലുപകരണവുമായി ജീവിതമാരംഭിച്ച ആ മനുഷ്യൻ ഇന്നുമുണ്ട്. തൊഴിൽ മാറിയിട്ടും ഉപകരണത്തിൽ നിന്നും മാറ്റമൊന്നുമില്ലാതെ. ദിനംപ്രതി വികാസം പ്രാപിക്കുന്ന സാങ്കേതികവിദ്യകളെ അവഗണിച്ചും പ്രകൃതിയെയും പരിസ്ഥിതിയെയും നോവിക്കാനാഗ്രഹിക്കാതെ സൈക്കിളുമായി. ചെമ്മൺ പാതകളിൽ നിന്നും റബ്ബറൈസ് ചെയ്ത എക്സ്പ്രസായി മാറാൻ കൊതിക്കുന്ന ഹൈവേകളിലൂടെ അയാൾ തളരാത്ത കാലുകളുമായി വീണ്ടും ചവിട്ടുകയാണ്.

നാട്ടിൻ പുറത്തെ സൈക്കിൾ ഉടമകളിൽ ഒരാൾ എന്നനിലയിൽ ഗോപിയേട്ടൻ എന്ന പി കെ ഗോപിനാഥൻ 1967 ൽ തന്റെ പതിനേഴാം വയസ്സിൽ സൈക്കിൾ ഉപയോഗിച്ചു തുടങ്ങി. ഹൈസ്കൂൾ വിദ്യഭ്യാസം പൂർത്തിയാക്കി തൊഴിലന്വേഷിച്ചു നടക്കുന്ന കാലം. നിരവധി തൊഴിലുകൾ ചെയ്യാനിടയായി.

ഒടുവിൽ ഗോപിയേട്ടന്റെ തലയിലെഴുത്തെന്ന പോലെ ആ തൊഴിൽ വന്നെത്തി. വീടിനു സമീപത്തെ ഒരു സ്വകാര്യ ചിട്ടികമ്പനിയിലെ പിരിവുകാരനായാണു നിയമനം. ദിവസേന സ്ഥാപനത്തിലെ പിരിവു നടത്തേണ്ടതിനാൽ കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടിയിരുന്നു. ഇതിന് ആശ്വാസമായി ചിട്ടികമ്പനി തങ്ങളുടെ പിരിവുകാർക്കെല്ലാം കമ്പനി വക സൈക്കിൾ വാങ്ങികൊടുത്തു. അങ്ങനെ ഗോപിയേട്ടനും പതിനേഴാം വയസ്സിൽ സൈക്കിളുടമയായി.

മുപ്പത് വർഷം മുമ്പത്തെ ഓർമകൾ ഇന്നും അദ്ദേഹത്തിന്റെ മനസ്സിൽ ഒളിമങ്ങാതെ കിടപ്പുണ്ട്. ഗോപിയേട്ടന്റെ തന്നെ വാക്കുകളിൽ പറഞ്ഞാൽ 'ഒരു സാദാ നാട്ടിൻ പുറത്ത് ആഡംബര കാറിലെത്തുന്ന മുതലാളിയുടെ പവറായിരുന്നു അന്ന് സൈക്കിളിൽ എത്തുന്നയാൾക്ക് ലഭിച്ചിരുന്ന പരിഗണന.' ഗ്രാമങ്ങളിലെ കുട്ടികൾ അത്ഭുത ജീവിയെയെന്ന പോലെ ഓടിയെത്തി തൊട്ടും തലോടിയും ആശ്ചര്യങ്ങൾ പ്രകടിപ്പിച്ചിരുന്നു.

പന്ത്രണ്ട് വർഷക്കാലം ചിട്ടികമ്പനിയിൽ ജോലി ചെയ്ത ഗോപിയേട്ടൻ പിന്നീട് തപാൽ വകുപ്പിൽ പോസ്റ്റ്മാനായി ജീവിതമാരംഭിച്ചു. സ്വകാര്യ സ്ഥാപനത്തിൽ നിന്നും സർക്കാർ ജീവനക്കാരനായി മാറുന്നതിൽ ഗോപിയേട്ടന് തുണയായത് സൈക്കിൾ തന്നെയായിരുന്നു. ഇത് ഈ ഇരുചക്രവാഹനവുമായി കൂടുതൽ ആത്മബന്ധം സ്ഥാപിക്കാൻ സഹായിച്ചു. പിന്നീട് വകുപ്പിലെ ഇഡി തസ്തികയിൽ പത്തു വർഷവും ശേഷം സ്ഥിരനിയമനത്തോടെയും വിവിധ പോസ്റ്റോഫീസുകളിൽ ജോലി ചെയ്തു.

"ഒരു ദിവസം പതിമൂന്ന് കിലോമീറ്ററിലധികം ഇപ്പോഴും സൈക്കിളിൽ ഗ്രാമങ്ങളിലൂടെ ഇടവഴികളിലൂടെ യാത്ര ചെയ്യും, എനിക്ക് ആരോഗ്യത്തിന് യാതൊരു ബുദ്ധിമുട്ടുമില്ല". അൻപതാം വയസ്സിലും കിലോമീറ്ററുകളോളമുള്ള യാത്രയുടെ ആരോഗ്യപ്രശ്നത്തെ കുറിച്ച് ചോദിച്ചപ്പോൾ ഗോപിയേട്ടന്റെ മറുപടി.

ഇരുപത്തിയഞ്ച് വർഷമായി പോസ്റ്റ്മാനായി ജോലി ചെയ്യുന്ന ഇദ്ദേഹം ഇതിനകം വിവിധ പോസ്റ്റോഫീസുകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. കടലൂർ, തിക്കോടി, കൊല്ലം, ഉള്ള്യേരി, പൂനൂർ തുടങ്ങിയ അനേകം ഓഫീസുകൾ.

## സൈക്കിളുമായുള്ള ആത്മബന്ധം

സൈക്കിൾ എന്ന പദം ഗോപിയേട്ടന് രക്ത ബന്ധത്തിന്റെ ചുവനൽകുന്ന ഒരു വാക്കാണ്. അതിനു തക്കതായ കാരണമുണ്ട്. 1967 ൽ ചിട്ടികമ്പനിയിൽ കലക്ഷൻ ഏജന്റായി ജോലി ചെയ്യുമ്പോൾ കിട്ടിയ സൈക്കിളാണ് ഗോപിയേട്ടന്റെ സ്മരണയിൽ എപ്പോഴും ഓടിയെത്തുന്ന ഇരുചക്രം.

ജീവിതത്തിന്റെ പകുതി ആയുസ്സും യാത്രക്കായി ഉപയോഗിച്ചത് സൈക്കിൾ.

ഇന്നത് അവിശ്വസനീയമാവാം. എന്നാൽ വിശ്വസിച്ചേ തീരൂ. പോസ്റ്റ്മാനായി ജോലി ലഭിച്ചപ്പോഴും ഗോപിയേട്ടൻ ഉപയോഗിച്ചത് ഈ 'ആർമി' മോഡൽ സൈക്കിളായിരുന്നു. പിന്നീട് മോഷണം പോകുന്നത് വരെ ഇരുപത്തിയഞ്ചു വർഷം അദ്ദേഹം അത് ഉപയോഗിച്ചു. അതിനു ശേഷം രണ്ട് സൈക്കിളുകൾ. ഹെർക്കുലിസും, ഹീറോ സ്പോർട്സും. ഇവയ്ക്കൊന്നും നേരത്തെയത്ര ഈട് ലഭിച്ചിരുന്നില്ല.

വളരെ ശ്രദ്ധയോടെ മാത്രം സൈക്കിൾ ഉപയോഗിക്കുന്ന ഇദ്ദേഹത്തിന് ഓർമയിൽ നിൽക്കുന്നത്ര അപകടങ്ങളൊന്നും ഉണ്ടായിട്ടില്ല. ഇന്നും സൈക്കിളിനു തന്നെ ജീവിതത്തിൽ ഒന്നാം സ്ഥാനം നൽകുന്നതിനാൽ ഒരുമാറ്റത്തെ കുറിച്ച് ആലോചിച്ചിട്ടില്ല.

രാത്രികാലങ്ങളിലും ഏത് ദുർഘടം പിടിച്ച പാതകളിലും ഏറ്റവും സുരക്ഷിതം സൈക്കിളാണെന്ന് ഗോപിയേട്ടൻ അനുഭവത്തിലൂടെ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ പഴയ ഗുണമേൻമയും ഈടും ഇന്നുള്ളവയ്ക്ക് ലഭിക്കാത്തതിൽ ഇദ്ദേഹം ദുഃഖിതനാണ്.

മുപ്പത്തിയാറു വർഷത്തിലെറെയായി സൈക്കിൾ മാത്രം ഉപയോഗിക്കുന്ന ഗോപിയേട്ടന് യുവതലമുറയുടെ കാര്യത്തിൽ വലിയ ആശങ്കകളാണുള്ളത്. "ഇന്ന് ബൈക്ക് ഉപയോഗിക്കുന്ന ചെറുപ്പക്കാരിൽ ഭൂരിപക്ഷവും അത് ദുരുപയോഗം ചെയ്യുന്നവരാണ്. ഇവയ്ക്കൊക്കെ സർക്കാർ നിയന്ത്രണം ഏർപെടുത്തിയാൽ മാത്രമേ അപകടങ്ങളും മറ്റും കുറയ്ക്കാൻ സാധിക്കുകയുള്ളൂ". ഗോപിയേട്ടൻ പറയുന്നു.

അതേപോലെ തന്നെ നഗരത്തിലെ ട്രാഫിക് കുരുക്കുകൾക്ക് പരിഹാരവും ഇദ്ദേഹത്തിന്റെ കൈയ്യിലുണ്ട്. ഏക വ്യക്തി വാഹനങ്ങളാണ് പ്രധാന ഗതാഗത പ്രശ്നത്തിനിടയാക്കുന്നത്. പണ്ട് കാലങ്ങളിൽ കാറിൽ സഞ്ചരിക്കുന്നവൻ വഴിയിൽ ബസ് കാത്തുനിൽക്കുന്ന വരെയും കൂടെ കയറ്റുമായിരുന്നു. ഇന്ന് അത്രമാത്രം വിശാലമനസ്സുള്ളവരില്ല.

ഭാര്യ ചന്ദ്രിക, മക്കളായ സിജിത്ത് (കെ എസ് ഇ ബി ജീവനക്കാരൻ), ധന്യ ( എം എസ് സി വിദ്യാർത്ഥിനി) എന്നിവരോടൊപ്പം നന്തിയിൽ താമസിക്കുന്ന ഗോപിയേട്ടൻ ഇന്നും പതിവുപോലെ സൈക്കിളിൽ പുറപ്പെടുന്നു. ജോലി ചെയ്യുന്ന തിക്കോടി പോസ്റ്റോഫീസിലേക്ക്. യൂണിഫോമിൽ മാറ്റമുണ്ടായപ്പോഴും യാത്രചെയ്യുന്ന സൈക്കിളിനു മാറ്റമില്ലാതെ... ●


വാർത്തകൾക്കുള്ളിലെ
സത്യാന്വേഷണം



കൃഷി, പരിസ്ഥിതി, ദളിത്, സ്ത്രീനീതി, മനുഷ്യാവകാശം, ഉപഭോക്തൃസംരക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം

വാർത്തകൾ, കുറിപ്പുകൾ, വിശകലനം

കേരളീയം

വരിസംഖ്യാനിരക്ക്

തപാലിൽ ലഭിക്കാൻ

12 ലക്കങ്ങൾ
സ്ഥാപനങ്ങൾക്ക് 350 രൂപ
വ്യക്തികൾക്ക് 180 രൂപ

ആജീവാനാന്ത (10 വർഷം)
വരിസംഖ്യ 2000 രൂപ

ട്രസ്റ്റ് അംഗത്വം 7000 രൂപ

M.O./D.D./P.O. അയയ്ക്കുക

മാനേജർ,

കേരളീയം

കൊക്കാലെ, തൃശൂർ - 21

0487-2421385/9447674375

E-mail: keraleeyamtcr@rediffmail.com

പാരിസ്ഥിതിക വിവേകത്തിനായി
ഒരു മുഖക്കണ്ണാടി